**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2898** **13/07/2015 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധി-ചികിൽസാ സഹായം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി നാളിതുവരെ ഓരോ ജില്ലയിലേക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ഉൾപ്പെടെയുള്ള വിവിധ ധനസഹായ വിതരണത്തിനായി ഓരോ ജില്ലക്കും അനുവദിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പാലക്കാട് ജില്ലയിലേക്ക് ഏത് മാസംവരെയുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (ബി) വിവിധ ധനസഹായങ്ങൾ നൽകുന്ന തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് ആവശ്യപ്പെട്ടു കൊണ്ട് പാലക്കാട് ജില്ലാ കളക്ടർ 19.6.2015-ന് അയച്ച അപേക്ഷ പ്രകാരം 29.5.2015 വരെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. |
| (സി) ഇത്തരത്തിൽ അനുവദിച്ചു കിട്ടിയ തുക മുഴുവനും വിതരണം നടത്തി. യിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (സി) 7/5/2015 തീയതിക്കുള്ളിൽ ഉത്തരവായ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട തഹസിൽദാർമാർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. ബാക്കിയുള്ള തുക കൂടി ബന്ധപ്പെട്ട തഹസിൽദാർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈ സർക്കാർ ജില്ലകൾക്ക് അനുവദിച്ച തുകയുടെ വിവരം

| ക്രമ. നം | ജില്ല | അനുവദിച്ച തുക (രൂപ) (18.5.2011 മുതൽ 03.07.2015 വരെ) |
|---|---|---|
| 1 | തിരുവനന്തപുരം | 51,89,30,000 |
| 2 | കൊല്ലം | 38,73,43,500 |
| 3 | പത്തനംതിട്ട | 19,38,49,775 |
| 4 | ആലപ്പുഴ | 44,14,97,500 |
| 5 | കോട്ടയം | 40,13,07,500 |
| 6 | ഇടുക്കി | 29,49,47,800 |
| 7 | എറണാകുളം | 41,53,14,000 |
| 8 | തൃശ്ശൂർ | 34,75,05,500 |
| 9 | പാലക്കാട് | 28,20,37,000 |
| 10 | മലപ്പുറം | 43,70,28,020 |
| 11 | കോഴിക്കോട് | 25,16,70,000 |
| 12 | കണ്ണൂർ | 29,71,36,000 |
| 13 | വയനാട് | 14,35,63,000 |
| 14 | കാസർഗോഡ് | 27,89,19,500 |
| | **ആകെ (ജില്ലാ കളക്ടർമാർ മുഖേന അനുവദിച്ചത്)** | **469,10,49,095** |

സെക്ഷൻ ഓഫീസർ